**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ദക്ഷിണ മേഖല (കൊല്ലം) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം**

വിഷയം :- ഐ.എം.എസ് വകുപ്പ് - ദക്ഷിണ മേഖല - കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തല- ത്തിൽ അനുവദിച്ചിരുന്ന സ്പെഷ്യൽ ഡ്യൂട്ടികൾ റദ്ദ് ചെയ്ത് ഉത്തരവ്.

പരാമർശം : ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവുകൾ.

**ഉത്തരവ് നമ്പർ.ജി1-2302/2020/ആർ.ഡി.ഡി/ഐ.എം.എസ്/ദ:മേ: കൊല്ലം. തീയതി: 01.06.2020**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ദക്ഷിണ മേഖലയിലെ ഒറ്റ ഷിഫ്റ്റ് ഡിസ്പെൻസറികളെല്ലാം കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 21.03.2020 മുതൽ മുഴുവൻ സമയ ഡിസ്പെൻസറികളായി പ്രവർത്തിച്ചു വരികയായിരുന്നു. സർക്കാർ നിർദ്ദേശാനുസരണം ടി ഡിസ്പെൻസറികൾ 01.06.2020 മുതൽ പഴയ സമയക്രമത്തിലേക്ക് മാറിയിട്ടുള്ളതാണ്. പ്രവർത്തന സമയം ദീർഘിപ്പിച്ചതിനെ തുടർന്ന് ടി സ്ഥാപനങ്ങളി ലേക്ക് അധികമായി സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ച ജീവനക്കാർ അവിടെത്തന്നെ തുടരുന്ന സാഹചര്യത്തിൽ അവരവരുടെ മാതൃസ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി അതത് സ്ഥാപന മേധികാരികൾ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ മേൽപരാമർശം ഉത്തരവുകൾ പ്രകാരം അനുവദിച്ചി ട്ടുള്ള സ്പെഷ്യൽ ഡ്യൂട്ടികൾ താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി ഉടൻ പ്രാബല്യത്തിൽ റദ്ദു ചെയ്ത് ഉത്തരവാകുന്നു.

(1) നെയ്യാറ്റിൻകര ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുള്ള പാരിപ്പള്ളി ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ:അനിൽകുമാർ, ശൂരനാട് ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ നിയമിച്ചിട്ടുള്ള കുലശേഖരപുരം ഇഎസ്.ഐ. ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (കോൺട്രാക്ട്) ഡോ:റാഷിൻ.എസ് വലിയത്ത് എന്നിവർ ഒഴികെയുള്ള എല്ലാ മെഡിക്കൽ ആഫീസർമാരുടെയും സ്പെഷ്യൽ ഡ്യൂട്ടി റദ്ദു ചെയ്യുന്നു.

(2) മെഡിക്കൽ ഓഫീസർ ഒഴികെയുള്ള ജീവനക്കാരിൽ **<u>ഡ്യൂട്ടിക്കായി ജില്ലാന്തര യാത്രകൾ ചെയ്യേണ്ടി വരുന്ന ജീവനക്കാർ ഒഴികെയുള്ളവരുടെ സ്പെഷ്യൽ ഡ്യൂട്ടികൾ റദ്ദു ചെയ്യുന്നു.</u>** എന്നാൽ ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ ഭരണ സൗകര്യാർത്ഥം താഴെപ്പറയുന്ന ജീവനക്കാരുടെ സ്പെഷ്യൽ ഡ്യൂട്ടികൾ തുടരേണ്ടുന്നതാണ്.

| ക്രമ നം. | പേരും സ്ഥാപനവും | സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചി രിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി.സൗമ്യ, ഫാർമസിസ്റ്റ്<br>ഇ.എസ്.ഐ. ആശുപത്രി പേരൂർക്കട | ഇ.എസ്.ഐ. ഡിസ്പെൻസറി<br>കഴക്കൂട്ടം |
| 2 | ശ്രീമതി.നജുമ, ഫാർമസിസ്റ്റ്<br>ഇ.എസ്.ഐ. ഡിസ്പെൻസറി പാരിപ്പള്ളി | ഇ.എസ്.ഐ. ഡിസ്പെൻസറി<br>പട്ടത്താനം |

സ്പെഷ്യൽ ഡ്യൂട്ടി റദ്ദു ചെയ്യപ്പെട്ട എല്ലാ ജീവനക്കാരെയും ഉടൻ തന്നെ വിടുതൽ ചെയ്യേണ്ടതാണ്. വിടുതൽ തീയതിയും ജോലിയിൽ പ്രവേശിച്ച തീയതിയും ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

OFFICE OF THE REGIONAL DEPUTY DIRECTOR SOUTH ZONE KOLLAM INSURANCE MEDICAL SERVICES

1/6/20

ഡോ:ബിന്ദു മേരി ഫ്രാൻസിസ്
ദക്ഷിണ മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ(I/c)

സ്വീകർത്താവ്

എല്ലാ ജീവനക്കാർക്കും

പകർപ്പ് :- 1. ഡയറക്ടർ,ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
2. ദക്ഷിണ മേഖലയിലെ എല്ലാ ഇ.എസ്.ഐ. സ്ഥാപന മേധികാരികൾക്കും
3. ഫയൽ/അധികം.